(സി) KITCO റിപ്പോർട്ട് ബന്ധപ്പെട്ട മന്ത്രിമാരും എം.എൽ.എ. മാരുമുള്ള സദസ്സിനു മുമ്പാകെ അവതരിപ്പിച്ചു. പാത വെങ്ങളം വരെ നീട്ടണമെന്നവർ നിർദ്ദേശിക്കുകയുണ്ടായി. അതിനുവേണ്ടിയുള്ള KITCO-യുടെ സർവ്വേ പൂർത്തിയായിട്ടുണ്ട്, റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ഡി) പ്രാഥമിക സർവ്വേ പൂർത്തിയായിട്ടുണ്ട്. സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല.

(ഇ) 38 കിലോമീറ്റർ

(എഫ്) റോഡ് തീരദേശത്തോടടുത്തായതുകൊണ്ട് ടൂറിസം സാദ്ധ്യത വർദ്ധിക്കാനും സമുദ്രോൽപ്പന്നങ്ങളുടെ നീക്കം സുഗമമാക്കാനും ഉപകരിക്കും.

**വെള്ളായണി കായലിന് കുറുകെ പാലം**

**226 (4580)** ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 വർഷത്തെ ബഡ്ജറ്റിൽ കോവളം നിയോജകമണ്ഡലത്തിൽ വെള്ളായണി കായലിനുകുറുകെ ഒരു പാലം നിർമ്മിക്കുന്നതിന് എത്ര തുക ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വെള്ളായണി കായലിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കാനും, ടൂറിസം വികസനത്തിന് പ്രയോജനം ലഭിക്കുവാനും ഇപ്പോഴുള്ള ബണ്ട് റോഡിന് പകരം ഒരു പാലം നിർമ്മിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2010-11 വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി 100 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ധനലഭ്യതയനുസരിച്ച് ഈ കാര്യം പരിഗണിക്കുന്നതാണ്.

**കോഴിക്കോട് അരേടത്തുപാലത്തെ പാലത്തിന്റെ നിർമ്മാണം**

**227 (4581)** ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് അരേടത്തുപാലത്തെ ഒരു പാലത്തിന്റെ പണി ഇപ്പോഴും പൂർത്തീകരിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പൂർത്തിയാക്കുന്നതിനായി വകുപ്പ് നടത്തിയ പ്രവർത്തനങ്ങളുടെയും നടപടിക്രമങ്ങളുടേയും വിശദാംശങ്ങൾ തീയതി സഹിതം വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly